# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.552      29.6.2011-ൽ മറുപടിക്ക്

### ചാലക്കുടി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ കുറവ് നികത്താൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ ബി.ഡി. ദേവസ്സി | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി) |
| എ) ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിലെ ഡോക്ടർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഡോക്ടർമാരുടെ കുറവ് പരിഹരിക്കുവാനും ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ; | ബി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറെ 14.06.2011 ലെ ഉത്തരവ് മുഖേന നിയമിച്ചു കഴിഞ്ഞു. ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) വിഭാഗത്തിൽ പി.എസ്.സി യിൽ നിന്നും നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതാണ്. മറ്റു വിഭാഗങ്ങളായ ഒഫ്താൽമോളജി, അനസ്തേഷ്യ എന്നിവയിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>പ്രസ്തുത ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്ക് കാഷ്വാലിറ്റി, ഓപ്പറേഷൻ തിയേറ്റർ എന്നിവക്ക് പുതിയ കെട്ടിടങ്ങൾ പണിയുന്നുണ്ട്. |

| | |
|---|---|
| | നബാർഡ് പദ്ധതിയിൽപ്പെടുത്തി പുതിയ ലേബർ റൂമിന്റെയും വാർഡിന്റെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (സി) കിടത്തി ചികിത്സയ്ക്ക് ആവശ്യമായ സൗകര്യങ്ങളുള്ള കൊടകര, പൂലാനി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) കൊടകര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഐ.പിയുടെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. പൂലാനി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ